സസ്പെൻഷൻ കാലയളവിൽ ഉപജീവന ബത്ത നൽകിയതിൽ അക്കൗണ്ടന്റ് ജനറൽ തടസ്സവാദം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ഹെഡ്മാസ്റ്റർ ഉപജീവന ബത്ത നിർത്തിവച്ചതായി അറിയിച്ചിട്ടുണ്ട്.

(ഇ) ഒരു സർക്കാർ ഉദ്യോഗസ്ഥനെ സസ്പെൻഷനിൽ നിർത്തി ആറു മാസത്തിനകം റിവ്യൂ നടത്തി സസ്പെൻഷൻ തുടരണമോ എന്ന് തീരുമാനിച്ച് ആവശ്യമെങ്കിൽ 6 മാസത്തിലധികം സമയവും സസ്പെൻഷനിൽ നിർത്താവുന്നതാണ്.

(എഫ്) ഉണ്ട്.

(ജി) ഉത്തരം സി&ഡി. അന്വേഷണത്തിൽ രണ്ടു വിവാഹം നടത്തിയെന്ന കുറ്റം തെളിയിക്കപ്പെട്ടാൽ ഒരു സർക്കാർ ഉദ്യോഗസ്ഥനെ സസ്പെൻഷൻ തീയതി മുതൽ സർവ്വീസിൽനിന്നും പുറത്താക്കണമെന്നതാണ് ശിക്ഷ. ഈ നിയമപരമായ നില എ.ജി.യുടെ തടസ്സവാദത്തിന് കാരണമായിട്ടുണ്ട്.

43 (484) ഡിവിഷൻ കുറവുമൂലം ജോലി നഷ്ടപ്പെടുന്ന വർക്കുള്ള സംരക്ഷണം

<u>ശ്രീമതി ആർ. ലതാദേവി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിവിഷൻ കുറവുമൂലം ജോലി നഷ്ടപ്പെടുന്ന സ്വകാര്യ സ്കൂളധ്യാപകർക്കുള്ള ജോലി സംരക്ഷണം അധ്യാപകേതര ജീവനക്കാർക്കും ബാധകമാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നുവരെയുള്ളവർക്കെന്ന് അറിയിക്കുമോ;

(സി) സ്വകാര്യ സ്കൂൾ അധ്യാപകർക്ക് ലഭിക്കുന്ന ജോലി സംരക്ഷണം അധ്യാപകേതര ജീവനക്കാർക്കും നൽകാൻ അടിയന്തിര നടപടി കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 15.7.1995-ൽ ഏഴുവർഷം (7 വർഷം) സർവ്വീസ് പൂർത്തിയാക്കിയ അധ്യാപകേതര ജീവനക്കാർക്ക് 6.8.98-ലെ ജി.ഒ. (എം.എസ്.) 311/98 പൊ.വി. നമ്പർ ഉത്തരവു പ്രകാരം ജോലി സംരക്ഷണം നൽകിയിട്ടുണ്ട്.

(സി) 26.7.99-ൽ പുറപ്പെടുവിച്ച ഗവ. ഉത്തരവു പ്രകാരം സ്വകാര്യ സ്കൂൾ അധ്യാപകർക്കു ലഭിക്കുന്ന സംരക്ഷണാനുകൂല്യം അധ്യാപകേതര ജീവനക്കാർക്കും നൽകുന്നകാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

44 (485) പ്രാഥമിക വിദ്യാഭ്യാസ രംഗം നവീകരിക്കാൻ പരിപാടികൾ

<u>ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ</u> :
<u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീമതി രാധാ രാഘവൻ</u> :
<u>ശ്രീ. ഇ.എം. അഗസ്തി</u> :

LIBRARY ARCHIVES Kerala Legislative Assembly